# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1510** — **22.03.2013-ൽ മറുപടിക്ക്**

## 'നീര'യുടെ ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി 'നീര' ഉല്പാദനത്തിനുള്ള അനുമതി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; | എ) ഉണ്ട്. നീരയുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നികുതി വകുപ്പ് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) മറ്റ് സംസ്ഥാനങ്ങളിൽ നീര ഉല്പാദനം ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. കർണ്ണാടകയിൽ വാണിജ്യാടിസ്ഥാനത്തിൽ നീര ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് നീര ഉല്പാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) നീര ഉല്പാദനത്തിന് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമാണ്. 15/01/2013-ലെ സ.ഉ.(സാധാ) നം.38/2013/നി.വ. ഉത്തരവ് പ്രകാരം നികുതി വകുപ്പ് രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മിറ്റിയുടെ അന്തിമ പഠന റിപ്പോർട്ട് കിട്ടിയതിനു ശേഷമേ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. ഈ കമ്മിറ്റിയിൽ കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Sreeja. (signature)

**സെക്ഷൻ ഓഫീസർ**